**ലാനയും കുറേ സ്വപ്നങ്ങളും**

എല്ലാ സംഘടനകളുടെയും തുടക്കം മഹത്തായ ലക്ഷ്യങ്ങളോടെയാണ്. മത, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാഹിത്യ സംഘടനകളൊക്കെ അങ്ങിനെ തന്നെ.

കാലക്രമത്തിൽ സംഘടനകൾ സംഘട്ടനരംഗങ്ങളായിമാറുന്നത്, അവയ്ക്ക് അപചയം സംഭവിക്കുന്നത്, വ്യക്തികൾ മൂലമാണ്, പിഴച്ച നേതൃത്വങ്ങളിലൂടെയാണ്, ഉദ്ദേശലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുമ്പോഴാണ്.

സംഘടനയെ വ്യക്തിതാൽപര്യങ്ങൾക്ക്, സ്വയം വലുതാകാൻ ഉപയോഗിക്കുമ്പോൾ അവ ദുഷിക്കുന്നു. സഹകരണത്തിന് പകരം മത്സര ബുദ്ധി ക്രമാതീതമാകുമ്പോൾ സംഘടനകൾ ക്ഷയിക്കുന്നു. മത്സരം നല്ലതു തന്നെ, ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതിരുന്നാൽ, സംഘടനയെ പുരോഗതിയിലേക്ക് നയിക്കാനാണെങ്കിൽ ഗ്രൂപ്പുകൾ ഉണ്ടാകുന്നതിലും തെറ്റൊന്നുമില്ല; സംഘടനയെ പിളർക്കു ന്നരീതിയിലാകാതിരുന്നാൽ.

സാഹിത്യ സംഘടന എന്തിന്?

ഒറ്റ ഉത്തരമെയുള്ളൂ. സാഹിത്യത്തിനുവേണ്ടി, സാഹിത്യകാരനുവേണ്ടിയല്ല. എന്നുപറഞ്ഞാൽ ആത്യന്തിക ലക്ഷ്യം വായനയിലൂടെ, ചർച്ചകളിലൂടെ, സംവാദങ്ങളിലൂടെ എഴുത്തുകാരന്റെ സർഗ്ഗ ശക്തി വളർത്തി കൂടുതൽ മെച്ചപ്പെട്ട സൃഷ്ടികൾ രചിക്കാൻ പ്രാപ്തനാക്കുക.

സാംസ്കാരിക പ്രവർത്തനങ്ങൾക്ക്, രാഷ്ട്രീയപ്രവർത്തനങ്ങൾക്ക്, സാമൂഹ്യപ്രവർത്തനങ്ങൾക്ക്, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഒക്കെ മറ്റു വേദികളുണ്ട്. ആ തുറകളിൽ പ്രവർത്തിക്കേണ്ടവർ അവിടേയ്ക്കല്ലേ പോകേണ്ടത്?

സാഹിത്യകാരൻ ഇതിലൊന്നുമിടപെടാൻ പാടില്ലെന്നല്ല. അതിനുള്ള മുഖ്യവേദി ഇതാക്കരുതെന്ന് ചുരുക്കം.

സാഹിത്യ സംഘടനയായാൽ സാഹിത്യംവേണം. മേമ്പൊടിക്ക് പോരാ. മുഖ്യ ചേരുവ അതായിരിക്കണം. കേരളത്തിലോ, ജർമ്മനിയിലോ, ഉഗാണ്ടയിലോ ഒക്കെവച്ച് സാഹിത്യസമ്മേളനമാകാം തെറ്റൊന്നുമില്ല. അവിടങ്ങളിലെ സംസ്കാരവുമായി പരിചയപ്പെടാനും അവിടുള്ള എഴുത്തുകാരുമായി സംവാദിക്കാനുമുള്ള വേദിയാണെങ്കിൽ. അല്ലാതെ അവിടങ്ങളിലെ മന്ത്രിമാരോടൊപ്പം നിന്ന് ഫോട്ടോയെടുത്ത് പത്രങ്ങളിൽ പേരും പടവും അച്ചടിച്ചുവരാനുള്ള വേദിയാക്കി തരംതാഴ്ത്തരുത്.

ലാനയുടെ മറുനാടൻ സംഗമങ്ങൾ എങ്ങിനെയാണ് സർഗ്ഗശക്തി വളർത്തുക?.

നിരന്തരമായ വായനയിലൂടെ സംസ്കാരങ്ങളെ, സാഹിത്യകൃതികളെ വ്യക്തികളെ, ചരിത്രത്തെ അറിയുന്നതിലൂടെ, തുറന്നകണ്ണും കൂർപ്പിച്ച കാതും കൊണ്ട് അനുഭവിക്കുന്നതിലൂടെ, പരിചയ പ്പെടുന്നതിലൂടെ.

അമേരിക്കയിൽ മലയാള സാഹിത്യമുണ്ടോ? അതിന്റെ നിലയെന്ത്? പതിനൊന്നു വർഷം പിന്നിടുന്ന ലാന എന്തുനേടി? എന്തു സൃഷ്ടിച്ചു?

ഗ്രീക്ക് എഴുത്തുകാരനായ ഖസൻദ്സാക്കീസിനെപ്പോലെ, ജർമ്മൻ എഴുത്തുകാരനായ തോമസ് മന്നിലെപ്പോലെ, ഗുന്തർഗ്രാസിനെപ്പോലെ, ഐറിഷ് എഴുത്തുകാരനായ ജെയിംസ് ജോയ്സിനെപ്പോലെ, സ്പാനിഷ് എഴുത്തുകാരനായ മാർക്കോസിനെപ്പോലെ, ആസ്ത്രേലിയൻ എഴുത്തുകാരിയായ എൽഫ്രീസേ എലനിക്കിനെപ്പോലെ (ലിസ്റ്റ് ചുരുക്കുന്നു) ഒക്കെയുള്ള എത്ര എഴുത്തുകാർ നാം മുഖ്യധാരാസാഹിത്യമെന്ന് വിളിക്കുന്ന മലയാളസാഹിത്യത്തിൽ ഉണ്ട്?

പിറവിയുടെ അമ്പതാം പിറന്നാൾ ആഘോഷിക്കുന്ന എം. ടി. യുടെ ‘‘നാലുകെട്ടും’’, മലയാള സാഹിത്യചരിത്രത്തിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ട ഓ. വി. വിജയന്റെ ‘‘ഖസാക്കിന്റെ ഇതിഹാസവും’’ പോലും മേൽപ്പറഞ്ഞ വിശ്വസാഹിത്യകാരന്മാരുടെ കൃതികളോടു താരതമ്യ പ്പെടുത്തിയാൽ എവിടെയാണ് നില്ക്കുന്നത?

‘ഖസാക്കിന്റെ ഇതിഹാസം തർജ്ജിമ ചെയ്ത് സായിപ്പിന്റെ കൈയ്യിൽ കൊടുത്താൽ അത് വെറുമൊരു എക്സിസ്റ്റൻഷ്യൽ നോവൽ മാത്രമാണെന്ന് വിധിയെഴുതും’ എന്ന് ശ്രീകൃഷ്ണൻ നായർ ഒരിക്കൽ പറഞ്ഞത് ഓർത്തുപോകുന്നു.

വളരെ പ്രമുഖമായ ഒരു മലയാള കൃതിയൂടെ നാം കടന്നു ചെല്ലാൻ തത്രപ്പെടുന്ന മുഖ്യധാരാസാഹിത്യത്തിലെ സൃഷ്ടികളുടെ ആഗോളമൂല്യം ഇത്രയ്ക്കേ ഉള്ളൂവെങ്കിൽ അമേരിക്കയിലെ മലയാളി എഴുത്തുകാരന്റെ നേട്ടങ്ങളെപ്പറ്റി എന്തവകാശമാണ് നമുക്ക് ഉന്നയിക്കാനുള്ളത്?

എട്ടാം ക്ലാസിൽ പഠിക്കുന്ന റാഷിദയെന്ന മലയാളി പെൺകുട്ടി സ്വന്തം നോട്ടുബുക്കിൽ കുറിച്ചിട്ട ചില കവിതകൾ ഈയ്യിടെ ‘ഭാഷാപോഷിണി’യിൽ വായിച്ചപ്പോൾ എനിക്ക് തോന്നിയത് ഇങ്ങിനെയാണ്. ആ കുട്ടിയുടെ നിലവാരത്തിലെങ്കിലും എഴുതാൻ കഴിയുന്നവർ എത്രപേരുണ്ട്?

ഈത് ആരെയും കളിയാക്കാനോ കൊച്ചാക്കാനോ അല്ല. രാജാവ് നഗ്നനാണെന്ന് ആരെങ്കിലുമൊക്കെ പറയണ്ടേ? ആത്മവിമർശനത്തിന് സമയം കടന്നിരിക്കുന്നു എന്ന് ചുരുക്കം. ജീവിക്കുന്ന സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് അതിന്റെ അന്ത:സംഘർഷങ്ങൾ മനസ്സിലാക്കാനും രചനയുടെ പുത്തൻ ആവിഷ്കാരതന്ത്രങ്ങളും ശൈലികളും മനസ്സിലാക്കി പുതിയരൂപത്തിൽ പുതിയ ഭാവത്തിൽ ആവിഷ്കരിക്കാനുള്ള ബോധപൂർവ്വമായ ഒരു ശ്രമം നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതല്ലേ?

സാഹിത്യ സംഘടന എന്താണ്? എന്തിനുവേണ്ടിനിലകൊള്ളുന്നു? എന്തിനുവേണ്ടി നിലകൊള്ളണം? എവിടെ നില്ക്കുന്നു? എങ്ങോട്ടു പോകണം? ഈ ദിശാ ബോധം വളർത്തിയെടുക്കാൻ കഴിയണം. ദിശാബോധമില്ലാത്ത്, നിലാവത്തഴിച്ചുവിട്ട കോഴികളെപ്പോലുള്ള സംഘടനകളല്ലേ സമൂഹത്തിന്റെ ശാപം? വ്യക്തമായ ലക്ഷ്യങ്ങളുള്ള, അതിനനുസരണമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടു പോകുന്ന ഒരു മാതൃകാ സംഘടനയാകാൻ ലാനയ്ക്ക് കഴിയുമോ?

ആഫ്രിക്കൻ വനാന്തരങ്ങളിൽനിന്ന്, അടിമകളാക്കാൻ ബലാൽക്കാരമായി പിടിക്കപ്പെട്ട് കൊണ്ടുവരികയും നരകയാതനകളിലൂടെ കടന്നുപോകുകയും ചെയ്ത ഒരു വ്യക്തിയുടെയും അവന്റെ പിൻമുറക്കാരുടെയും കഥയെഴുതിയ അലക്സ് ഹെയിലിയുടെ "റൂട്ട്സ്"(Roots) അമേരിക്കയിലെ കറുത്ത വർഗ്ഗത്തിന്റെ ബൈബിൾ ആയിമാറിയത് ചരിത്രം. അതിന്റെ ബാക്കിപത്രമല്ലേ ഇന്ന് ബറാക്ക് ഒബാമ എന്ന കറുത്തവർഗ്ഗക്കാരൻ അമേരിക്കൻ പ്രസിഡന്റ് പദത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഇടയാക്കിയത്. അതുകൊണ്ടല്ലേ കോണ്ടലിസ റൈസ് എന്ന കറുത്തവർഗ്ഗക്കാരി അമേരിക്കയുടെ സേറ്ററ്റ് സെക്രട്ടറിയായി വൈറ്റ് ഹൗസിൽ വാണരുളുന്നത്? എഴുത്തുകാരും, സാമൂഹ്യപ്രവർത്തകരും ഈ പരിവർത്തനങ്ങൾക്ക് മുഖ്യ പങ്ക് വഹിച്ചിട്ടില്ലേ?.
അടിമകൾ ഉടമകളാകുന്നതിന്റെ വ്യക്തമായ ചരിത്രമല്ലേ ഇത്? അടിമകൾക്ക് ഉടമകളാകാൻ വളക്കൂറും അവസരങ്ങളും ഉള്ള മറ്റ് ഏതുരാജ്യമാണ് ലോകത്തിൽ ഇതിലും മെച്ചപ്പെട്ടതായി ഇന്ന് നിലവിലുള്ളത്? അമേരിക്കയിലെ കറുത്തവർഗ്ഗത്തിന്റെ ഉന്നമനത്തിന്, വിജയത്തിന് അലക്സ് ഹെയിലിയുടെ റൂട്ട്സ് എന്ന നോവൽ ത്വരിതകമായി വർത്തിച്ചിട്ടുണ്ടെന്ന് ഞാൻ ബലമായി വിശ്വസിക്കുന്നു.
നാം വസിക്കുന്ന ഈ രാജ്യം മൂല്യങ്ങൾക്ക് വിലകൊടുക്കുന്ന, ലോകത്തിന് കാരുണ്യം ചൊരിയുന്ന, യുദ്ധങ്ങളോട് വിട പറഞ്ഞ് അഹിംസയെപ്പുണരുന്ന ശക്തമായ ഒരു രാഷ്ട്രമാകണം. ലോകരാഷ്ട്രങ്ങൾക്ക് മാതൃകയാകണം. ഈ ലക്ഷ്യങ്ങളിലേക്ക് ഈ രാജ്യത്തെ നയിക്കാൻ അമേരിക്കയിൽ കുടിയേറിയ മലയാലികൾക്ക്, ഇന്ത്യാക്കാരന്, സംഘടനകൾക്ക് ചെയ്യാനില്ലെന്നോ?
പരസ്പരം വെട്ടിനിരത്താനും കാലുവാരാനും, കോത്താഴം സംഘടനകൾ മുതൽ അന്തർദ്ദേശീയ സംഘടനകൾ വരെ തട്ടിക്കൂട്ടാനും തല്ലി പൊളിക്കാനും, പാരവയ്ക്കാനും മാത്രമാണോ നാം ഈ മണ്ണിലെത്തിയത്?
ലാനയെന്നല്ല, എല്ലാ സംഘടനകളെപ്പറ്റിയും എനിക്കു ചില സ്വപ്നങ്ങളുണ്ട്, സങ്കല്പങ്ങളുണ്ട്. അവ എങ്ങിനെയായിരിക്കണം, എന്തിന് വേണ്ടി നിലകൊള്ളണം എന്ന്. വടക്കേ അമേരിക്കയിലെ എഴുത്തുകാർക്ക് ഒരു സംഘടന എന്ന ആശയം മുന്നോട്ടു വച്ചപ്പോഴും 1997 ജൂൺ 14-ാം തീയതി ഡാളസിൽ വച്ച് ലാന എന്ന സംഘടന രൂപംകൊണ്ടപ്പോഴും മാർട്ടിൻ ലൂഥർ കിങ്ങിന്റെ പ്രസിദ്ധ പ്രഭാഷണത്തിന്റെ ആദ്യ വരികൾപോലെ "I had a dream" എനിക്കുമുണ്ടായിരുന്നു ഔരു സ്വപ്നം. ഈ സ്വപ്നങ്ങൾ യാഥാരത്ഥ്യമാകുമോ?
സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുകയോ ഈല്ലാതെയോ ഈരിക്കട്ടെ. സ്വപ്നം കാണാനുള്ള സ്വാതന്ത്രത്തിന് ആർക്കാണ് കൂച്ചുവിലങ്ങിടാൻ കഴിയുക? Dreamers are achievers എന്നതും മറക്കാതിരിക്കുക.
സഹനം സമരം കൊണ്ട് ലോകത്തെമുട്ടുകുത്തിച്ച, അഹിംസകൊണ്ട് കീഴടക്കിയ, അർദ്ധനഗ്നന്റെ അഹിംസാസിദ്ധാന്തമോ, എല്ലാവരെയും ഒരേ പോലെ കണ്ട ഒരു ചക്രവർത്തിയുടെ 'മാവേലിയൻ'ലോകമോ ഒക്കെ ആകട്ടെ ഈ രാജ്യത്തിന് നമ്മുടെ സംഭാവനകൾ; ഈ ലോകത്തിന് നമ്മുടെ സംഭാവനകൾ.

സ്നേഹത്തോടെ,
ജോസഫ് തമ്പി മഠം
(ലാനയുടെ ആദ്യത്തെ സെക്രട്ടറിയും രണ്ടാമത്തെ
പ്രസിഡന്റും)
മാർച്ച് 1, 2008